Page 1 of 2

(ബി) തൊടുപുഴ നിയോജകമണ്ഡലത്തിൽ പുതിയ ഐ.റ്റി.ഐ. അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

ചാലക്കുടി ഐ.ടി.ഐ.

260(2616) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

&

(ബി) ഈ പ്രവൃത്തി നിലവിൽ ഏത്ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ചാലക്കുടി സർക്കാർ ഐ.ടി.ഐ.-യെ കിഫ്ബിയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആകെ 29.18 കോടിരൂപയാണ് അനുവദിച്ചിരിക്കുന്നത്. ടി തുകയിൽ ആദ്യ ഘട്ടത്തിൽ 8.92 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന മരങ്ങൾ മുറിച്ച് മാറ്റി ടി സ്ഥലം കെട്ടിട നിർമാണത്തിന് അനുയോജ്യമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

മലയിൻകീഴ് ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ

261(2617) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ പുതിയ ട്രേഡുകളാണ് ആരംഭിക്കുന്നതെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ഈ അദ്ധ്യയന വർഷം പ്രസ്തുത ട്രേഡുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മലയിൻകീഴ് ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA), പ്ലംബർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് ടെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

262(2618) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-21 കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ തൊഴിൽ ലഭ്യമാക്കാൻ സാധിച്ചു; ജില്ല, വർഷം തിരിച്ച് വിശദാംശം നൽകുമോ?

സംസ്ഥാനത്ത് 2016-21 കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സർക്കാർ/അർദ്ധ സർക്കാർ, പൊതു മേഖലാസ്ഥാപനങ്ങളിലേയ്ക്ക് സ്ഥിരവും താൽക്കാലികവുമായ 53,997 (അൻപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ്) പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ 2016-2021 വർഷ കാലയളവിൽ 1,07,440 (ഒരു ലക്ഷത്തി ഏഴായിരത്തി നാന്നൂറ്റി നാല്പത്) പേർക്കും വിവിധ തസ്തികകളിൽ തൊഴിലവസരം നൽകിയിട്ടുണ്ട്. 2016 മുതൽ 2021 ജൂൺ 30 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടന്ന നിയമനങ്ങളുടെ വിവരം തസ്തിക, ജില്ല, വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജീവനക്കാരുടെ എണ്ണം തസ്തിക, ജില്ല തിരിച്ച് അറിയിക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജീവനക്കാരുടെ എണ്ണം, തസ്തിക, ജില്ല എന്നിവ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) മറ്റ് സർക്കാർ ഓഫീസുകളിൽ താൽക്കാലിക അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ട്.

(ഡി) എങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളിൽനിന്ന് താൽക്കാലിക/കരാർ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.